**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** **02-08-2021 - ൽ മറുപടിയ്ക്ക്**

**പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ, ഇരിട്ടി താലൂക്കുകളിൽ 2020 ജനുവരി മുതൽ 2021 ജൂൺ വരെ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്; | (എ) | കണ്ണൂർ ജില്ലയിലെ ചുവടെ പറയുന്ന താലൂക്കുകളിൽ 2020 ജനുവരി മുതൽ 2021 ജൂൺ വരെ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനായി ലഭിച്ച അപേക്ഷകളുടെയും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു. |
| (ബി) | താലൂക്കുകളിൽ നിന്നും സർക്കാർ പ്രസ്സിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകൾ ഗസറ്റിൽ പരസ്യം ചെയ്യുന്നതിന് താമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ; | (ബി) | താലൂക്കുകളിൽ നിന്നും സർക്കാർ പ്രസ്സിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകൾ ഡി.റ്റി.പി. ഓപ്പറേറ്റർ, പ്രൂഫ് റീഡിംഗ് ജീവനക്കാരുടെ കുറവും, കോവിഡ് 19 രോഗ വ്യാപനത്തിന്റെ പശ്ചാത്തലവും കാരണം, യഥാസമയം ഗസറ്റിൽ പരസ്യം ചെയ്യുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ട്. |
| (സി) | സർക്കാർ പ്രസ്സിലേയ്ക്ക് പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന് പരസ്യം ചെയ്യാൻ അയയ്ക്കുന്ന അപേക്ഷകൾ ഓൺലൈനായി അയച്ചുകൊടുക്കുന്നതിനും എത്രാമത്തെ ഗസറ്റിലാണ് പരസ്യം ചെയ്യുന്നതെന്ന് അപേക്ഷകന്റെ മൊബൈൽ ഫോണിലേയ്ക്ക് സന്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ പ്രസ്സിലേയ്ക്ക് പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന് പരസ്യം ചെയ്യാൻ അയയ്ക്കുന്ന അപേക്ഷകൾ ഓൺലൈനായി അയച്ചുകൊടുക്കുന്നതിനും, അപേക്ഷകന്റെ മൊബൈൽ ഫോണിൽ ഇത് സംബന്ധിച്ച് സന്ദേശം നൽകുന്നതിനുമുള്ള സംവിധാനം ഇപ്പോൾ അച്ചടി വകുപ്പിൽ നിലവിലില്ല. അച്ചടി വകുപ്പുമായി ബന്ധപ്പെട്ട് ഇതിനുള്ള സംവിധാനം നടപ്പിലാക്കാൻ കഴിയുമോ എന്ന് ആരായുന്നതാണ്. |

സെക്ഷൻ ഓഫീസർ

കണ്ണൂർ ജില്ലയിലെ ചുവടെ പറയുന്ന താലൂക്കുകളിൽ 2020 ജനുവരി മുതൽ 2021 ജൂൺ വരെ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനായി ലഭിച്ച അപേക്ഷകളുടെയും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | താലൂക്കിന്റെ പേര് | ലഭിച്ച അപേക്ഷ കളുടെ എണ്ണം | നൽകിയ സർട്ടിഫി ക്കറ്റുകളുടെ എണ്ണം. |
|---|---|---|---|
| 1 | തലശ്ശേരി | 1733 | 882 |
| 2 | കണ്ണൂർ | 3791 | 3146 |
| 3 | തളിപ്പറമ്പ് | 1876 | 1179 |
| 4 | പയ്യന്നൂർ | 2083 | 663 |
| 5 | ഇരിട്ടി | 494 | 296 |
| | ആകെ | 9977 | 6166 |